## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 824        08.03.2012 - ലെ മറുപടി

## കാഞ്ഞങ്ങാട് - കാസർഗോഡ് ചന്ദ്രഗിരി റൂട്ടിലെ ബസ്സ് സർവ്വീസ്

ചോദ്യം                                   ഉത്തരം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)          ശ്രീ. വി.എസ്. ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് - കാസർഗോഡ് ചന്ദ്രഗിരി ദേശസാൽകൃത റൂട്ടിൽ പ്രതിവർഷം പത്ത് ശതമാനം സർവ്വീസുകൾ വർദ്ധിപ്പിക്കണമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് - കാഞ്ഞങ്ങാട് - ചന്ദ്രഗിരി റൂട്ടിൽ കെ.എസ്.ആർ.ടി.സി യാത്രക്കാർക്ക് ആവശ്യമായ രീതിയിൽ സർവ്വീസുകൾ നടത്തിവരുന്നുണ്ട്. 1991-ൽ 12 ഷെഡ്യൂളുകൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 48 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. ഈ റൂട്ടിലെ യാത്രാ ആവശ്യത്തിന് ഇത്രയും സർവ്വീസുകൾ മതിയാകുമെന്ന് കരുതുന്നു. എല്ലാ വർഷവും മഴക്കാലത്ത് റോഡുകൾ തകരുന്നതോടെ സുഗമമായി ഈ റൂട്ടിൽ സർവ്വീസ് നടത്താൻ കഴിയാറില്ല. കഴിഞ്ഞ കുറെ വർഷങ്ങളായി മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രമാണ് റോഡ് ടാർ ചെയ്ത് ഗതാഗതത്തിന് കിട്ടാറുള്ളത്. ഗതാഗതയോഗ്യമല്ലാത്ത റോഡ് മാത്രമാണ് ഈ റൂട്ടിലെ പ്രധാന പ്രശ്നം. |

| | | | |
|---|---|---|---|
| (ബി) | 1991 ൽ ദേശസാൽക്കരിച്ച ഈ റൂട്ടിൽ അന്ന് എത്ര സർവ്വീസുകൾ ഉണ്ടായിരുന്നു: ഇപ്പോൾ എത്ര സർവ്വീസുകൾ ഉണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | 1991 -ൽ 12 ഷെഡ്യൂളുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 48 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്.<br>സൂപ്പർ എക്സ്പ്രസ്സ് - 1 എണ്ണം<br>എൽ.എസ്.ഓർഡിനറി - 21 എണ്ണം<br>ഓർഡിനറി - 26 എണ്ണം |
| (സി) | പ്രസ്തുത റൂട്ട് ദേശസാൽകൃത റൂട്ടായി പ്രഖ്യാപിക്കുമ്പോൾ ഉണ്ടാക്കിയ വ്യവസ്ഥ പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഉത്തരം 'എ' പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റൂട്ടിൽ സ്ത്രീകൾക്കുമാത്രമായി പ്രത്യേക സർവ്വീസുകൾ ആരംഭിക്കണമെന്ന നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | കാഞ്ഞങ്ങാട് ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി സ്ത്രീകൾക്ക് മാത്രമായുള്ള സർവ്വീസ് ഉൾപ്പടെ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ